**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1813** **08-10-2021 - ൽ മറുപടിയ്ക്ക്**

**കുന്നുമ്മൽ വോളീബോൾ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ വോളീബോൾ അക്കാദമി നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ സ്ഥലം, വിസ്തീർണം, ഉടമസ്ഥത തുടങ്ങിയവ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | കുന്നുമ്മൽ വോളീബോൾ അക്കാഡമി സ്ഥാപിക്കുന്നതിനായി കായികവകുപ്പ് സ്ഥലം എറ്റെടുത്തിട്ടില്ല. എന്നാൽ അക്കാഡമി സെക്രട്ടറിയുടെ പേരിൽ 92 സെന്റ് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | കുന്നുമ്മൽ വോളീബോൾ അക്കാദമി നിർമ്മാണത്തിനായി എന്തെങ്കിലും പ്രോജക്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2019-20 ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ഒരു കോടി എസ്റ്റിമേറ്റ് അടങ്കലായി തനത് സാമ്പത്തിക വർഷത്തിൽ കുന്നുമ്മൽ വോളീബോൾ അക്കാഡമി സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി പ്രവൃത്തിക്കായി കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിച്ച് സാധ്യത പഠനം വിശകലനം ചെയ്തിരുന്നു. പ്രവൃത്തി സംബന്ധിച്ച് നടത്തിയ പ്രാഥമിക സർവ്വെയുടെ അടിസ്ഥാനത്തിൽ അക്കാഡമി സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ പ്രദേശം ഏകദേശം 58 മീറ്റർ നീളത്തിലും 64 മീറ്റർ വീതിയിലുമുള്ള ചെങ്കുത്തായ മലമ്പ്രദേശമാണ്. നിലവിൽ ലഭ്യമായ സ്ഥലത്തിന്റെ രണ്ട് അതിർത്തികളും തമ്മിൽ ഏകദേശം 15 മീറ്ററിലധികം ലെവൽ വ്യത്യാസം ഉണ്ട്. ആയതിനാൽ അക്കാഡമി സ്ഥാപിക്കുവാൻ കണ്ടെത്തിയ സ്ഥലത്ത് ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ നിലനിർത്തി നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ സാധിക്കില്ല. |
| (സി) | വോളീബോൾ അക്കാദമി നിർമ്മാണത്തിനായി പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും പാലിക്കേണ്ട മാനദണ്ഡങ്ങളും എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (സി) | വോളീബോൾ അക്കാഡമിയുടെ നിർമ്മാണത്തിനായി പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ഒന്നിലധികം വോളീബോൾ കോർട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നിരപ്പായ സ്ഥല സൗകര്യം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായുള്ള പ്രത്യേക ഹോസ്റ്റൽ കെട്ടിടവും മെസിനുള്ള സൗകര്യം, വോളീബോൾ കോർട്ടിനോട് ചേർന്ന് ആൺ കുട്ടികൾക്കും |

| | | | |
|---|---|---|---|
| | | | പെൺകുട്ടികൾക്കുമായുള്ള പ്രത്യേക ടോയലെറ്റ്/ ചെയ്ഞ്ച് റൂം സംവിധാനം, അക്കാഡമിയുമായി ബന്ധപ്പെട്ട മറ്റ് പ്രവൃത്തികളായ ചുറ്റമതിലിന്റെ നിർമ്മാണം, എൻട്രൻസ് ഗേറ്റ്, ജലവിതരണ സംവിധാനം, ഇലക്ട്രിഫിക്കേഷൻ സൗകര്യങ്ങൾ, രാത്രികാലങ്ങളിൽ വോളി ബോൾ പരിശീലിക്കുന്നതിനായുള്ള ഫ്ളെഡ് ലൈറ്റ് സംവിധാനം തുടങ്ങിയ സൗകര്യങ്ങളാണ് വോളീബോൾ അക്കാഡമി സ്ഥാപിക്കുന്നതിനായി ആദ്യഘട്ടത്തിൽ പരിഗണിക്കുന്നത്. ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് തയ്യാറാക്കുമ്പോൾ വോളീബോൾ പരിശീലിപ്പിക്കുന്നതിനായുള്ള 4 വോളീബോൾ കോർട്ടിനുള്ള സ്ഥല സൗകര്യം എങ്കിലും ആവശ്യമായി വരും. (28 x15 meter) അളവോടുകൂടിയ വോളീബോൾ കോർട്ടുകൾ സ്ഥാപിക്കുന്നത് നോർത്ത് - സൗത്ത് ദിക്കിലാണ്, കൂടാതെ ഓരോ കോർട്ടുകളും തമ്മിൽ കുറഞ്ഞത് 5 മീറ്റർ അകലം പാലിക്കുന്നതരത്തിലായിരിക്കും ക്രമീകരിക്കപ്പെടുന്നത്. പ്രസ്തുത കോർട്ടുകൾ ഇൻഡോർ സ്റ്റേഡിയത്തിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എങ്കിൽ 12 മീറ്ററിൽ അധികം ഉയരത്തിൽ റൂഫിംഗ് ഷീറ്റോടുകൂടി ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കേണ്ടതായി വരും. കൂടാതെ കുട്ടികളുടെ കണക്ക് അനുസരിച്ച് അക്കാഡമിയിൽ താമസിച്ച് വോളീബോൾ പരിശീലിക്കണമെങ്കിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേക ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കേണ്ടതുമാണ്. കൂടാതെ ഹോസ്റ്റൽ കെട്ടിടങ്ങളിൽ ഡോക്ടേഴ്സ് റൂം, വാർഡൻ റൂം, സെക്യൂരിറ്റി റൂം, എന്നിവയ്ക്കുള്ള സൗകര്യങ്ങൾ കൂടി ക്രമീകരിക്കുന്നത് ഉചിതമായിരിക്കും. |

സെക്ഷൻ ഓഫീസർ